**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 07.09.16-ന് ഉച്ചയ്ക്ക് 12.00 മണിയ്ക്ക് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് നടന്ന യോഗ നടപടിക്കുറിപ്പ്.**

## പൊതു വിഷയങ്ങൾ

**1 പദ്ധതി അംഗീകാരത്തിനുളള തീയതി നീട്ടി നൽകുന്നതു സംബന്ധിച്ച്**

2016 സെപ്റ്റംബർ 9ാം തീയതിയ്ക്കുശേഷം 30.09.2016-നു മുമ്പായി വാർഷിക പദ്ധതി അംഗീകാരത്തിനായി ഡി.പി.സി.യ്ക്ക് സമർപ്പിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും 5% തുക കുറവുചെയ്യുന്നതിനും 30.09.2016-നുശേഷം പദ്ധതി സമർപ്പിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും 10% തുക കുറവ് ചെയ്യുന്നതിനും തീരുമാനിച്ചു. ഇപ്രകാരം കുറവ് ചെയ്യുന്ന തുക പ്രവർത്തന മികവ് തെളിയിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വീതിച്ച് നൽകുന്നതാണ്.

2. ഒ.ഡി.എഫ് പ്രോജക്ടിനു കീഴിൽ 250 -ഓ അതിൽ കൂടുതലോ കക്കൂസുകൾ നിർമ്മിക്കുന്ന പഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന കേന്ദ്ര വിഹിതത്തിന് തത്തുല്യമായ തുകയ്ക്ക് അവയുടെ വികസന ഫണ്ട് വിഹിതം notional ആയി 'സുലേഖ'യിൽ വർദ്ധിപ്പിക്കുന്നതിന് ഐ.കെ.എം. നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട പഞ്ചായത്തുകളുടെ ലിസ്റ്റ് ശുചിത്വ മിഷൻ ഡയറക്ടർ ഐ.കെ.എം.ന് അടിയന്തിരമായി നൽകേണ്ടതാണ്.

3 നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് സ്കൂളുകൾ, ആശുപത്രികൾ, എന്നിവയിൽ അടുക്കള, ടോയ് ലറ്റ്, എന്നിവ നിർമ്മിക്കുന്നതിന് നിലവിൽ ഉത്തരവുണ്ട്. നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് അംഗനവാടി കെട്ടിടങ്ങൾ കൂടി നിർമ്മിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**4. തളിപ്പറമ്പ് നഗരസഭയിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ത്രിതല പഞ്ചായത്ത് ഇലക്ട്രിക്കൽ കമ്മിറ്റിയെ ഏൽപ്പിക്കുന്നത് സംബന്ധിച്ച്.**

**(തദ്ദേശസ്വയംഭരണ (ഇ. ഡബ്ല്യു) വകുപ്പ്)**

ത്രിതല പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സാങ്കേതികാനുമതി നൽകുന്നതിനും പൊതുമരാമത്ത് വകുപ്പ്, കേരള സംസ്ഥാന വൈദ്യുതി ബോർഡ് എന്നിവിടങ്ങളിൽ നിന്ന് വിരമിച്ച എഞ്ചിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് 21.11.2014-ലെ സ.ഉ.(സാധാ)3033/2014/തസ്വഭവ, 22.09.15-ലെ സ.ഉ.(സാധാ)2878/2016/തസ്വഭവ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിരുന്നു. ടി സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ ത്രിതല പഞ്ചായത്തുകൾക്ക് പുറമെ നഗരസഭകൾക്കു കൂടി ബാധകമാക്കുന്നതിന് തീരുമാനിച്ചു.

5. എസ്.സി. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻമാർ ഇല്ലാത്ത പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിൽ എസ്.സി. ഫണ്ട് ഉപയോഗിച്ചു നടപ്പിലാക്കുന്ന പ്രോജക്ടുകൾ അതത് വിഷയ മേഖലയിലെ നിർവഹണ ഉദ്യോഗസ്ഥൻമാർ നടപ്പിലാക്കേണ്ടതാണ്.

(തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്)

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 കണമ്പ്ര ഗ്രാമപഞ്ചായത്ത് - എസ്.സി വിഭാഗം പദ്ധതി ബാന്റ് സെറ്റ്, ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ, സ്പോർട്സ് കിറ്റും നൽകുന്നത് സംബന്ധിച്ച് (ഫയൽനം. 368/ഡി.എ.2/16/തസ്വഭവ)

പട്ടികജാതി യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ, സമിതികൾക്കോ ബാന്റ് സെറ്റ്, ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിന് അനുമതി നൽകുന്നു. വാദ്യോപകരണങ്ങളുടെ വിലയിൽ 5% ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കേണ്ടതാണ്. 5 വർഷമെങ്കിലും കഴിയാതെ പ്രസ്തുത ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ഇതേ ഉപകരണങ്ങൾ വീണ്ടും നൽകരുത്. എസ്.സി വിഭാഗങ്ങളിൽപ്പെടുന്ന ഡിഗ്രി കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങി നൽകുന്നതിനു മുമ്പ് അനുമതി നൽകിയിട്ടുണ്ട്. യുവജനങ്ങളുടെ രജിസ്റ്റേഡ് സ്പോർട്സ് ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങി നൽകുന്നതിനുള്ള അനുമതിയും നൽകുവാൻ തീരുമാനിച്ചു.

### 3.2 മൂന്നാർ ഗ്രാമപഞ്ചായത്ത് (ഫയൽനം. 387/ഡി.എ.2/16/തസ്വഭവ)

ഐ.ടി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടവർക്ക് ലാപ്പ്ടോപ്പ്, ഉന്നത വിദ്യാഭ്യാസത്തിനായി ധനസഹായം, വിവാഹ ധനസഹായം, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്നിങ്ങനെ നിലവിൽ എസ്.സി വിഭാഗത്തിന് നല്കി വരുന്ന ആനുകൂല്യങ്ങൾ മറ്റ് വിഭാഗങ്ങൾക്കും ലഭ്യമാക്കണമെന്ന ആവശ്യം നിരസിച്ചു.

### 3.3 ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്ത് - സബ്സിഡിയോടെ ചെടിച്ചട്ടി വിതരണം സംബന്ധിച്ച് (ഡി.എ.2)

കുടുംബശ്രീ യൂണിറ്റുകൾ സ്വയം നിർമ്മിക്കുന്ന 10 ഇഞ്ച് വലിപ്പത്തിലുള്ള ചെടിച്ചട്ടികൾ 70 രൂപ വിലയ്ക്ക് 50% സബ്സിഡിയോടെ (35 രൂപ) അവരിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങി വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നു. കുടുംബശ്രീ യൂണിറ്റുകൾ സ്വയം നിർമ്മിക്കുന്ന ചെടിച്ചട്ടികൾ അവർ തന്നെ ഉണ്ടാക്കുന്നതാണെന്ന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

### 3.4 കടമക്കുടി ഗ്രാമപഞ്ചായത്ത് - പൂർത്തിയാക്കാത്ത ഭവനങ്ങൾ സംബന്ധിച്ച് (ഫയൽനം.378/ഡി.ഡി.2/16/തസ്വഭവ)

വാസയോഗ്യമല്ലാത്ത സുരക്ഷിതമല്ലാത്ത പണിപൂർത്തീകരിക്കാത്ത ഭവനങ്ങളിൽ കഴിയുന്ന എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്നും, വീടുകൾ ഏതു വർഷം നിർമ്മിച്ചതാണെന്നും, അവയുടെ നിലവിലെ അവസ്ഥ എന്തെന്നും, ഇപ്പോൾ പഞ്ചായത്തിൽ ഭവന രഹിതർ എത്രയുണ്ടെന്നുമുള്ള വിശദാംശങ്ങൾ സഹിതം വ്യക്തമായ ശുപാർശ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുന്നു.

### 3.5 പുറത്തൂർ ഗ്രാമ പഞ്ചായത്ത് - പൊതു വിഭാഗം കുട്ടികൾക്ക് സൈക്കിൾ വിതരണം (ഫയൽനം.308/ഡി.എ.2/16/തസ്വഭവ)

പൊതുവിഭാഗം ബി.പി.എൽ കുടുംബങ്ങളിലെ 8, 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് തനതു ഫണ്ട് ഉപയോഗിച്ച് സൈക്കിൾ വാങ്ങി നൽകുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചു.

**3.6 ജില്ലാ കേരളോത്സവം നടത്തിപ്പ് - ധനസഹായം സംബന്ധിച്ച്**
**(ഫയൽനം.28/എഫ്.എം.2/16/തസ്വഭവ)**

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ ആവശ്യം നിരസിച്ചു.

**3.7 ബ്ലോക്ക് പഞ്ചായത്ത്- വിവിധ ആവശ്യങ്ങൾ സംബന്ധിച്ച്**
**(ഫയൽനം.404/പി.എസ്2/16/തസ്വഭവ)**

(i) ലെയും (ii)ലെയും വിഷയങ്ങളിൽ മുൻപ് തീരുമാനമെടുത്തിട്ടുള്ളതാണ്.
(iii) ഈ വിഷയം പ്രത്യേകം പരിശോധിക്കുന്നതിന് തീരുമാനിച്ചു.
(iv) ഭരണഘടനാപരമായ സ്ഥാപനമാണ് ഡി.പി.സി. അതിൽ മാറ്റം വരുത്തുന്നത് കോഓർഡിനേഷൻ കമ്മിറ്റിയുടെ അധികാരപരിധിയിൽ വരുന്ന വിഷയമല്ല എന്ന് നിരീക്ഷിച്ചു.

3.8 **കേരള ലേബർ കോൺട്രാക്ട് സഹകരണസംഘം സംസ്ഥാന പ്രസിഡന്റിന്റെ 19.07.2016-ലെ കത്ത് (ഫയൽനം.308/ഡി.എ1//16/തസ്വഭവ)**

ആവശ്യം നിരസിച്ചു

3.9 **കൂത്താട്ടുകുളം നഗരസഭ -കാർഷികമേള/കന്നുകാലി പ്രദർശനം- നടത്തുന്നത് സംബന്ധിച്ച് (ഫയൽ നം.136/എഫ്.എം.2/2016/തസ്വഭവ)**

കൂത്താട്ടുകുളം നഗരസഭയിൽ 2016 ഓണാഘോഷത്തോടനുബന്ധിച്ച് സെപ്റ്റംബർ 10 മുതൽ 18 വരെ കാർഷിക മേള, കന്നുകാലി പ്രദർശനം, സാംസ്കാരിക ഘോഷയാത്ര എന്നിവ നടത്തുന്നതിന് നഗരസഭയുടെ 2016-17 വാർഷിക പദ്ധതി പ്രകാരം നഗരസഭയുടെ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

3.10 **കുടുംബശ്രീ ഡയറക്ടറുടെ 30.04.2016-ലെ കത്ത്- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പരിശീലനം സംബന്ധിച്ച്**
**(ഫയൽ നം.205/ഐ.എ1/2016/തസ്വഭവ)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പരിശീലനങ്ങൾക്ക് സ്കിൽ ട്രെയിനിംഗ് ഏജൻസിയായി കുടംബശ്രീ യൂണിറ്റുകളുടെ യോഗ്യത കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ വിലയിരുത്തേണ്ടതും ഏതിനം പരിശീലനം നൽകുന്നതിനാണ് അവയ്ക്ക് യോഗ്യതയുണ്ടെന്നത് നിശ്ചയിക്കേണ്ടതുമാണ്. അത്തരം പരിശീലനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിന് അനുമതി നൽകുന്നു. ആയവ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനും അനുമതി നൽകുന്നു.

3.11 **കുന്നത്തൂർ ഗ്രാമപഞ്ചായത്ത് - റോഡ് നിർമ്മാണം സംബന്ധിച്ച് (ഡി.എ2)**

ആവശ്യം നിരസിച്ചു

3.12 **തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 18.08.2016-ലെ കത്ത്- റോഡ് നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത് സംബന്ധിച്ച്**
**(ഫയൽ നം.816291/ഡി.എ1/2016/തസ്വഭവ)**

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ആവശ്യം അംഗീകരിച്ചു. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഇതു സംബന്ധിച്ച സാങ്കേതിക വിവരങ്ങൾ വിശദമാക്കി വ്യക്തമായ ശുപാർശ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ നൽകേണ്ടതാണ്.

**3.13 മൊകേരി ഗ്രാമപഞ്ചായത്ത് സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതി - ഓണറേറിയം സംബന്ധിച്ച് (ഫയൽ നം.293/ഡി.എ2/2016/തസ്വഭവ)**

സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി വീടുകളിൽ നിന്ന് പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് പഞ്ചായത്ത് നിശ്ചിത ഫീസ് ഈടാക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുകയ്ക്ക് പുറമെ സ്ത്രീ തൊഴിലാളികൾക്ക് തുടർന്ന് ഓണറേറിയം നൽകുന്നതിന് അധികമായി വേണ്ടി വരുന്ന പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽകുന്നു.

**3.14 കുലശേഖരപുരം ഗ്രാമപഞ്ചായത്ത്- പ്ലാസ്റ്റിക് മാലിന്യ രഹിത പദ്ധതി (ഫയൽ നം.584/ഡി.സി1/2016/തസ്വഭവ)**

ഓണറേറിയം പ്രാദേശികമായി പഞ്ചായത്തുതന്നെ നിശ്ചയിക്കേണ്ടതാണ്. ക്യാരി ബാഗുകൾ പഞ്ചായത്ത് ടെണ്ടർ നടപടിയിലൂടെ വാങ്ങേണ്ടതാണ്. പയറുവർഗ കൃഷിക്ക് ഗുണഭോക്തൃ വിഹിതം ഗുണഭോക്താക്കളിൽ നിന്നു തന്നെ പിരിച്ചെടുക്കേണ്ടതാണ്.

**3.15 ശ്രീ.സി.കൃഷ്ണൻ എം.എൽ.എയുടെ 20.08.2016-ലെ കത്ത് - പെരിങ്ങോം ആസ്ഥാനമായി അനുവദിച്ച ആർട്സ് &സയൻസ് കോളേജിന് പ്ലാൻ ഫണ്ട് ധനസഹായം സംബന്ധിച്ച് (തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്)**

ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

**3.16 കേരള മഹിള സമഖ്യ സൊസൈറ്റി സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 27.07.2016-ലെ കത്ത് (ത.സ്വ.ഭ(ഡി.ഡി.) വകുപ്പ്)**

പാലക്കാട്, മലപ്പുറം ജില്ലകളിൽ തദ്ദേശസ്വയംഭരണ വകുപ്പ് നടത്തുന്ന സ്ത്രീകളുടെയും കുട്ടികളുടെയും വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി മഹിള സമഖ്യ സൊസൈറ്റിയെ അംഗീകരിക്കുവാൻ തീരുമാനിച്ചു.

**3.17 യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എം.ഡി.യുടെ അപേക്ഷ (ഡി.എ3)**

സർക്കാർ ഏജൻസികൾ നിർമ്മിക്കുന്ന സാധനങ്ങൾ ടെൻഡർ കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്. ഈ വ്യവസ്ഥ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനും ബാധകമാണ്.

**3.18 പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 26.08.2016-ലെ കത്ത്(തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്)**

പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റിന്റെ പ്രവർത്തനം തുടർന്നുപോകുന്നതിന് ഡ്രൈവർക്കും സഹായിക്കും പ്രതിമാസം പത്തു ദിവസത്തെ ദിവസവേതനം ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**3.19 എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.08.2016-ലെ കത്ത് (തദ്ദേശസ്വയംഭരണ (ഡി.എ2) വകുപ്പ്)**

സുസ്ഥിര ശുചിത്വ പദ്ധതിയിൽ പ്ലാസ്റ്റിക് ശേഖരിച്ച് റീ സൈക്ലിംഗ് യൂണിറ്റിലെത്തിക്കുന്ന കുടുംബശ്രീ പ്രവർത്തകരെ മാസത്തിൽ 2 ദിവസം 5 പേരെ ഏർപ്പെടുത്തി ദിവസവേതനം നൽകുന്നതിന് ഈ വർഷത്തേയ്ക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചു. പ്ലാസ്റ്റിക് ശേഖരണത്തിന് പഞ്ചായത്ത് നിശ്ചിത യൂസെർ ഫീ ഈടാക്കേണ്ടതാണ്.

**3.20 കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.08.2016-ലെ കത്ത് (തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്)**

2011-12-ലെ ടി.എച്ചാ ആർ.എസ്. ബ്ലോക്ക് വിഹിതത്തിലെ നീക്കിയിരിപ്പ് (112131/- രൂപ) അംഗൻവാടി പോഷകാഹാര പദ്ധതിക്ക് 2011-12-ൽ ലഭിച്ച തുക നീക്കിയിരിപ്പ് (161465/- രൂപ) എന്നിവ 2016-17-ലെ പോഷകാഹാര വിതരണ പദ്ധതിക്ക് ബ്ലോക്ക് വിഹിതമായി ഉൾപ്പെടുത്തുന്നതിനുള്ള അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**3.21 പഞ്ചായത്ത് ഡയറക്ടറുടെ ജെ1-37630/15/നമ്പർ 06.09.2016 തീയതിയിലെ കത്ത് (തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പ്)**

കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ M-Asset ആപ്ലിക്കേഷൻ വഴി ഗ്രാമപഞ്ചായത്തിലേയ്ക്കുള്ള ആസ്തികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് പഞ്ചായത്തുകൾക്ക് മൊബൈൽ ഫോൺ വാങ്ങുന്നതിന് 25.05.2016-ലെ 1774/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ടി ഉത്തരവിലെ "ബ്രോഡ്ബാന്റ് കണക്ഷൻ" എന്നത് ഭേദഗതി ചെയ്ത് പകരം പ്രതിമാസം 350/- രൂപയിൽ കവിയാത്ത മൊബൈൽ ഡാറ്റാ കണക്ഷൻ എന്ന് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അനുമതി നൽകുന്നു.

**3.22 കോഴിക്കോട് പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ അഡ്മിനിസ്ട്രേറ്ററിന്റെ (1101/A/PJT-PRTC/2016നമ്പർ) 15.08.2016 തീയതിയിലെ അപേക്ഷ തദ്ദേശസ്വയംഭരണ (ഡി.എ1) വകുപ്പ്)**

അപേക്ഷയിലെ ആവശ്യം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**യോഗം 2.30 ന് അവസാനിച്ചു.**

**07.09.16-ന് കൂടിയ കോഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തവർ**

1. ശ്രീ. പി.കെ. മോഹനൻ (ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ)
2. ശ്രീ. കെ.പി. സാബു (ജോയിന്റ് ഡയറക്ടർ പഞ്ചായത്ത് ഡിപാർട്ട്മെന്റ്)
3. ശ്രീ ഷാജി ജോസഫ് (സി.റ്റി.പി. പ്ലാനിംഗ്)
4. ശ്രീ. ജാഫർ.എ.എം (ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപാർട്ട്മെന്റ്)
5. ശ്രീ.രാധാകൃഷ്ണ കുറുപ്പ് (ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ്)
6. ശ്രീ. സജികുമാർ .പി.ആർ(ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്)
7. ശ്രീ.സി.പി. സുരേഷ് കുമാർ ( എസ്ക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)
8. ശ്രീ. ബഷീർ ( ടീം ലീഡർ ഐ.കെ.എം)
9. ശ്രീ. കെ. രമണൻ (സി.റ്റി.പി.)
10. ശ്രീമതി. മീര എസ് (അണ്ടർ സെക്രട്ടറി പ്ലാനിംഗ് വകുപ്പ്)
11. ശ്രീമതി. ലിഷ മോഹൻ.എം.( എ.ഡി.സി, സി.ആർ.ഡി)
12. ശ്രീ.കമലാസനൻ നായർ. പി.വി. ( സി.പി.ഒ, എസ്.സി.ഡി.ഡി)
13. ശ്രീ.എച്ച്. ഷാജി (കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ്, തദ്ദേശമിത്രം (കെ.എൽ.ജി.എസ്.ഡി.പി)
14. ഡോ. കെ. വാസുകി (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ)
15. ശ്രീ. എസ്. ദിവാകരൻ പിള്ള (എസ്.പി.എ.ഒ)
16. ശ്രീമതി. എൻ പ്രസന്ന കുമാരി (ചീഫ്, ഡി.പി.ഡി. സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
17. ശ്രീ.ടി.കെ. സോമൻ (എ.എസ്. ഫിനാൻസ്)
18. ശ്രീ. പി.പി. ബാലൻ ( ഡയറക്ടർ, കില)
19. ശ്രീ. എ.കെ.മോഹനകുമാർ (ജോയിൻറ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)